# റിയൽ ലൈഫ് വോയ്സ്

## REAL LIFE VOICE

Monthly

Volume 15
Issue 7

**July 2026**

Price:Rs.5/-
Pages 24


“അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു” **(കൊലൊസ്യർ 1:28–29)**


REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

| Volume 15 | Issue 7 | July 2026 | Pages 24 | Rs.5/ |
|---|---|---|---|---|

Annual Subscription: Rs.60/-



Editor:
Dr. Sebastian M.V. (PhD)

Ph: 95 44 557 557

**Email:** reallifekottekad@gmail.com

**Website:** www.reallifevoice.in


Book No.
175

## ഉള്ളടക്കം


| | പേജ് |
|---|---|
| • **രഹബിനെ തകർത്ത ദൈവം** | 3 |
| • **വായനക്കാരുടെ അഭിപ്രായങ്ങൾ** | 6 |
| • **ആസ്യയിലെ ഏഴ് സഭകൾ** (29) | 8 |
| • **യോനാ (പുസ്തകപഠനം)** (23) | 11 |
| • **കുടുംബജീവിതം: പ്രായോഗികചിന്തകൾ** (9) | 14 |
| • **ഓർമ്മകൾ** (45) | 17 |
| • **സ്വർണ്ണമുതലാളിയുടെ ചിരി (ചെറുകഥ)** | 20 |
| • **കാർട്ടൂൺ** (4) | 22 |
| • **ഒരു ഗ്ലാസ് കൊടുക്കാത്തതുകൊണ്ട്..** | 23 |


**ഈ മാസികയുടെ ലക്ഷ്യം:**

**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും അതിലൂടെയുള്ള ബോധവത്കരണവും.**



# എഡിറ്റോറിയൽ

**"നിങ്ങളോട് സത്യം പറയുന്നതുകൊണ്ട്
ഞാൻ നിങ്ങൾക്ക് ശത്രുവായിപ്പോയോ?" (ഗലാതൃർ 4:16)**

## രഹബിനെ തകർത്ത ദൈവം

*"നീ രഹബിനെ ഒരു ഹതനെപ്പോലെ തകർത്തു" (സങ്കീ. 89:10)*
*"You have broken Rahab in pieces"*

'തകർത്തു' എന്നു പറഞ്ഞാൽ 'കഷണങ്ങളായി പൊട്ടിച്ചുകളഞ്ഞു' എന്നർത്ഥം. ഇനി ഒരു തിരിച്ചുവരവ് സാധ്യമല്ലാത്തവിധം രഹബ് തകർന്നു പോയി എന്നർത്ഥം. ദൈവമാണ് തകർത്തിരിക്കുന്നത്. ദൈവം തകർത്ത തിനെ യോജിപ്പിക്കാൻ ആർക്കും കഴിയില്ല.

**ആരാണ് ഈ രഹബ്?**

ബാബിലോന്യ കെട്ടുകഥകളിൽ (പുരാണങ്ങളിൽ) കാണുന്ന കട ലിലെ മഹാസർപ്പം അഥവാ കടൽ രാക്ഷസൻ (sea monster) ആണ് രഹബ് എന്നാണ് ചിലർ പറയുന്നത്. കെട്ടുകഥകളിലെ കഥാപാത്രങ്ങളെ ദൈവം തകർത്തു എന്നു പറയുന്നതിലെ ഔചിത്യമില്ലായ്മയെപ്പറ്റി ദൈവ ജനം ചിന്തിക്കുന്നത് നല്ലതാണ്. സീതയെ വസ്ത്രാക്ഷേപം ചെയ്ത ദുശ്ശാ സനനെ നമ്മുടെ ദൈവം തകർക്കില്ല. സീതയെ തട്ടിക്കൊണ്ടുപോയ രാവ ണനെ നമ്മുടെ ദൈവം തകർക്കില്ല. കാരണം ഇതെല്ലാം കഥകളിലെ വെറും കഥാപാത്രങ്ങൾ മാത്രമാണ്.

പിന്നെ ആരാണ് രഹബ്? 'രഹബ്' എന്ന ഹീബ്രുപദത്തിന്റെ അർത്ഥം 'അഹങ്കാരി' എന്നാണ്. ദൈവം തകർത്തത് ഏതോ അഹങ്കാരിയെയാണ് എന്ന് വ്യക്തമാകുന്നു. അഹങ്കാരത്തെ ദൈവം വെറുക്കുന്നു. അഹങ്കാരിയെ ദൈവം നശിപ്പിക്കും. ആരാണ് ഈ രഹബ് എന്ന അഹങ്കാരി? മറുപടി നമുക്ക് ലഭിക്കുന്നത് യെശയ്യാവിന്റെ പുസ്തകത്തിൽ നിന്നാണ്.

യെശയ്യാവ് 30:7 നോക്കുക: മിസ്രയീമിനെ ദൈവം "അനങ്ങാതിരി ക്കുന്ന സാഹസക്കാർ എന്നു പേർ വിളിക്കുന്നു." 'സാഹസക്കാർ' എന്ന തിന് 'രഹബ്' എന്ന ഹീബ്രുപദമാണ് ഉപയോഗിച്ചിട്ടുള്ളത്. ദൈവം മിസ്ര യീമിനെ (ഈജിപ്തിനെ) 'അനങ്ങാതിരിക്കുന്ന രഹബ്' എന്നു വിളിച്ചിരി ക്കുന്നു എന്നാണ് ശരിയായ തർജ്ജമ വരേണ്ടത്.

സത്യവേദപുസ്തകം എന്ന ബൈബിൾ തർജ്ജമയിൽ “അനങ്ങാതിരിക്കുന്ന സാഹസക്കാർ” എന്നു തർജ്ജമ ചെയ്തതുനിമിത്തം മിസ്രയീമാണ് ആ രഹബ് എന്നു വായനക്കാർ തിരിച്ചറിയാതെ പോകുന്നു. ഇത് ഖേദകരമായ കാര്യം തന്നെ. എന്നാൽ പി.ഒ.സി. ബൈബിൾ, “നിശ്ചലയായി ഇരിക്കുന്ന രഹാബ്” എന്ന് കൃത്യമായി തർജ്ജമ ചെയ്തിട്ടുണ്ട്. ഓശാന ബൈബിൾ, “അനങ്ങാതിരിക്കുന്ന രഹബ്” എന്ന് വ്യക്തമായി പരിഭാഷപ്പെടുത്തിയിരിക്കുന്നു. സത്യവേദപുസ്തകത്തിന്റെ ആധുനിക വിവർത്തനത്തിൽ, “അനങ്ങാത്ത രഹാബ്” എന്ന് തിരുത്തി പരിഭാഷപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ഭൂരിഭാഗം വിശ്വാസികളും വായിക്കുന്ന സത്യവേദപുസ്തകത്തിലെ “അനങ്ങാതിരിക്കുന്ന സാഹസക്കാർ” എന്ന തർജ്ജമ വായനക്കാരനെ ശരിയായ ദിശയിലേക്ക് നയിക്കുന്നില്ല.

യെശയ്യാവ് 51:9,10. “...രഹബിനെ വെട്ടി മഹാസർപ്പത്തെ കുത്തിക്കളഞ്ഞത് നീയല്ലയോ? സമുദ്രത്തെ, വലിയ ആഴിയിലെ വെള്ളങ്ങളെത്തന്നെ, വറ്റിച്ചുകളകയും വീണ്ടെടുക്കപ്പെട്ടവർ കടന്നുപോകേണ്ടതിന് സമുദ്രത്തിന്റെ ആഴത്തെ വഴിയാക്കുകയും ചെയ്തത് നീയല്ലയോ?” ഈ വാക്യങ്ങളിൽ രഹബിനെയും മഹാസർപ്പത്തെയും വെട്ടിയ കാര്യം പറഞ്ഞതിനുശേഷം, ചെങ്കടലിൽക്കൂടി തന്റെ ജനത്തെ മറുകര കയറ്റിയ കാര്യമാണ് പറഞ്ഞിരിക്കുന്നത്. യിസ്രായേൽജനത്തെ പിന്തുടർന്ന മിസ്രയീമിലെ ജനത്തെയും ഫറവോനെയും ആണ് വെട്ടുകൊണ്ട രഹബും മഹാസർപ്പവും എന്നു പറഞ്ഞിരിക്കുന്നത്.

“ഫറവോനെയും സൈന്യത്തെയും ചെങ്കടലിൽ തള്ളിയിട്ടവന് അവന്റെ ദയ എന്നേക്കുമുള്ളത്” (സങ്കീ.136:15). രഹബും മഹാസർപ്പവും ആരാണെന്ന സൂചനയാണ് ഈ വാക്യത്തിലുള്ളത്. ചെങ്കടലിൽ ഇറങ്ങിയ മിസ്രയീമ്യസൈന്യം രഹബും ഫറവോൻ മഹാസർപ്പവും! രണ്ടു കൂട്ടരും തകർക്കപ്പെട്ടു. തന്റെ സ്വന്തം ജനത്തിനുവേണ്ടി ദൈവമാണ് അവരെ തകർത്തുകളഞ്ഞത്. ഒരു തരത്തിലും ഒരു തിരിച്ചുവരവ്/ഉയിർത്തെഴുന്നേൽപ്പ് ഇല്ലാതവണ്ണമുള്ള തകർക്കലാണത്. കഷണം കഷണമായി!

**ദൈവത്തിന്റെ മറ്റൊരു തകർക്കൽ**

രഹബിനെ തകർത്തു എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഹീബ്രുപദം *'ഡാക'* എന്നാണ്. അതേ പദം ഉപയോഗിച്ചിരിക്കുന്ന മറ്റൊരു സന്ദർഭമാണ് യെശയ്യാവ് 53:5 ഉം 53:10 ഉം. “എന്നാൽ അവനെ തകർത്തുകളവാൻ യഹോവയ്ക്ക് ഇഷ്ടം തോന്നി” (53:10). യേശുവിനെ (മശിഹായെ) തകർത്തുകളഞ്ഞ കാര്യമാണ് പറഞ്ഞിരിക്കുന്നത്. രഹബിനെ തകർത്ത ദൈവം തന്റെ ഏകജാതനായ പുത്രനെയും തകർത്തുകളഞ്ഞു! രഹബിനെ തകർത്തതുപോലെ തകർത്തു. കഷണം കഷണമായി! ഇനി ഒരു തിരിച്ചു

വരവ് യേശുവിന് ഇല്ല എന്ന് മറ്റുള്ളവർ ഉറച്ചു ചിന്തിക്കുവാൻ തക്കവിധം കർത്താവിനെ തകർത്തുകളഞ്ഞു.

അതുകൊണ്ടാണ് തോമസ് പറഞ്ഞത്, ആണിപ്പഴുതുകൾ കാണണം, ആണിപ്പഴുതിൽ വിരൽ ഇടണം, വിലാപ്പുറത്ത് കൈ ഇടണം. എന്നാൽ മാത്രമേ വിശ്വസിക്കൂ എന്ന് തോമസ് വാശിപിടിച്ചു. തന്റെ ദാസന്റെ വിശ്വാസത്തിന്റെ ബലഹീനത കണ്ടുകൊണ്ട് കർത്താവ് തോമസിനെ സഹായിച്ചു. തോമസ് വിശ്വസിച്ചു. "എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ" എന്നു നിലവിളിച്ചു.

**രഹബും ക്രിസ്തുവും**

രഹബിനെയും (മിസ്രയീമിനെയും) ക്രിസ്തുവിനെയും ദൈവം തകർത്തു. രഹബ് അഹങ്കാരിയായിരുന്നു. ക്രിസ്തു താഴ്മയുള്ളവനായിരുന്നു. രഹബ് അനുസരണം കെട്ടവനായിരുന്നു. ക്രിസ്തുവാകട്ടെ അനുസരണമുള്ളവനായിരുന്നു. രഹബ് മറ്റുള്ളവരെ കഷ്ടപ്പെടുത്തി. ക്രിസ്തു സ്വയം കഷ്ടം സഹിച്ചു. എന്നിട്ടും ദൈവം രഹബിനെയും ക്രിസ്തുവിനേയും ഒരുപോലെ തകർത്തുകളഞ്ഞു. ഇത് ഒരു പൊരുത്തക്കേട് അല്ലേ എന്നു നമുക്ക് തോന്നിയേക്കാം.

കാൽവരിയിലേക്ക് നോക്കിയാലും ഇപ്രകാരമുള്ള പൊരുത്തക്കേട് കാണാൻ കഴിയും. മൂന്നു കുരിശ്. രണ്ടെണ്ണത്തിൽ കിടക്കുന്നത് ദുഷ്പ്രവൃത്തിക്കാർ. കൊള്ളയും കൊലയും നടത്തിയവർ. എന്നാൽ നടുവിലെ ക്രൂശിൽ കിടന്നിരുന്നത് നാടു നീളെ നന്മ ചെയ്ത് നടന്ന സൽപ്രവൃത്തികളുടെ വിളനിലമായിരുന്ന യേശുക്രിസ്തു! മനുഷ്യനോടുള്ള സ്നേഹവും വാത്സല്യവും നിമിത്തം ദൈവം അത് അനുവദിച്ചു. നമ്മെ രക്ഷിക്കാൻ, സ്വന്തം വകയാക്കാൻ, സ്വർഗ്ഗരാജ്യത്തിന്റെ അവകാശിയാക്കാൻ ദൈവം അത് അനുവദിച്ചു.

**നാം ആരുടെ കൂടെ?**

നാം നിഗളികളായും പൊങ്ങച്ചക്കാരായും അനുസരണം കെട്ടവരായും ജീവിക്കുകയാണെങ്കിൽ നാം രഹബിന്റെ പാതയിലാണ് സഞ്ചരിക്കുന്നത് എന്നു പറയേണ്ടിവരും. അങ്ങനെയെങ്കിൽ ദൈവത്തിന് നമ്മെ തകർത്തുകളയേണ്ടിവരും. എന്നാൽ അനുസരണമുള്ളവരായും താഴ്മയുള്ളവരായും ആണ് നാം ജീവിതം നയിക്കുന്നതെങ്കിൽ ദൈവം നമ്മെ വിജയികളായി മാറ്റും. അതുകൊണ്ട്, "ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ" (ഫിലപ്പിയർ 2:5) എന്ന പ്രബോധനം നമുക്ക് പിന്തുടരാം. കാരണം അനുഗ്രഹത്തിനായി വിളിക്കപ്പെട്ടവരാണ് നാം.

**(എംവിഎസ്)**

# വായനക്കാരുടെ അഭിപ്രായങ്ങൾ

നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം.

## Annamma Mathew, Jagadalpur, Chhattisgarh

കഴിഞ്ഞ ഒരു വർഷമായി എനിക്ക് മാസിക കിട്ടാറില്ല. എന്നാൽ ജൂണിലെ മാസിക എനിക്ക് കിട്ടി. ആ സന്തോഷവാർത്ത അറിയിക്കുന്നു. സാധാരണ അത് കിട്ടിയാൽ ഞാൻ മുഴുവനും വായിക്കാറുണ്ട്. വായിക്കുമ്പോൾ ഹൃദയത്തിന് ആനന്ദവും മനസ്സിനു തൃപ്തിയും കിട്ടുന്ന മാസികയാണത്.

## Moly Baby, Mananthavady, Waynad

ജൂൺമാസത്തിലെ മാസിക വളരെ ഇഷ്ടപ്പെട്ടു. പ്രത്യേകിച്ച് എഡിറ്റോറിയൽ, 'ജീവനത്തിന്റെ പ്രതാപം'. ഓരോ മാസത്തിലും മാസികയ്ക്കായി ആകാംക്ഷയോടെ കാത്തിരിക്കുന്നു. ആനുകാലിക വിഷയങ്ങൾ സമർത്ഥമായി മാസികയിൽ അവതരിപ്പിക്കുന്നത് പ്രശംസനീയമാണ്. തുടർന്നും ഈ മാസിക കൃത്യമായി ഞങ്ങൾ പ്രതീക്ഷിക്കുന്നു.

### കഴിഞ്ഞ മാസം അയച്ച മാസികകളിൽ മടങ്ങിവന്നവ

| Address | Reason |
|---|---|
| Joseph T J, Alwar, Rajasthan | Left |

**അഡ്രസ്‌ലിസ്റ്റിൽനിന്ന് ഈ അഡ്രസ്സ് നീക്കം ചെയ്തിട്ടുണ്ട്.**

### അഡ്രസ്സുകൾ അയച്ചുതരിക

ഈ മാസിക വായിക്കാൻ താത്പര്യമുള്ളവരുടെ അഡ്രസ്സ് അയച്ചുതരിക. വരിസംഖ്യ നിർബന്ധമില്ല. വരിസംഖ്യയുടെ കാര്യം ഞങ്ങൾ ആരോടും പറയാറില്ല. ചോദിക്കാറുമില്ല. ഈ ക്രിസ്തീയമാസിക വായിക്കാൻ താത്പര്യമുള്ളവർക്ക് അത് സൗജന്യമായി അയച്ചുകൊടുക്കാൻ ഞങ്ങൾ തയ്യാറാണ്. അഡ്രസ്സുകൾ 95 44 557 557 എന്ന മൊബൈൽ നമ്പറിൽ വാട്സാപ് ചെയ്യുക. SMS അയച്ചാലും മതി.

**യുവതികളുടെ മാതാപിതാക്കളിൽ നിന്ന്**
**വിവാഹാലോചന ക്ഷണിക്കുന്നു**

വിശ്വസിച്ച് സ്നാനപ്പെട്ട യുവാവ്. തൃശ്ശൂർ സ്വദേശി.

Age: 29 Date of Birth: 20-06-1997

Height: 167 cm Weight: 62 Kg

Church: Church of God

Education: Diploma in Mechanical Engineering

Occupation: General Maintenance Mechanic

Company: Kirby International Building System, Kuwait

**Contact:**

**85474 00624**

**യുവതികളുടെ മാതാപിതാക്കളിൽ നിന്ന്**
**വിവാഹാലോചന ക്ഷണിക്കുന്നു**

വിശ്വസിച്ച് സ്നാനപ്പെട്ട യുവാവ്. സ്ഥലം: വാൽകുളമ്പ് (പാലക്കാട്)

Date of Birth: 31-10-1996

Height: 175 cm

Church: Church at Valkulambu

Education: Diploma in Mechanical Engineering

Occupation: Warehouse in charge (Ernakulam)

**Contact:**

**90489 37961**

## വാട്സാപ് ഗ്രൂപ്പിൽ അംഗങ്ങളാകുക

തപാൽമാർഗ്ഗം അയയ്ക്കുന്ന മാസിക പലർക്കും കിട്ടുന്നില്ല എന്നറിയുന്നു. അഡ്രസ്സ് ശരിയായിരുന്നിട്ടും പലതും 'ആളില്ല' എന്ന് രേഖപ്പെടുത്തി തിരിച്ചുവരുന്നു. അതുകൊണ്ട് എല്ലാ മാന്യവായനക്കാരും റിയൽ ലൈഫ് വോയ്സിന്റെ വാട്സാപ് ഗ്രൂപ്പിൽ അംഗങ്ങളാകാൻ ശ്രദ്ധിക്കുക. അങ്ങനെ ചെയ്താൽ മാസിക എല്ലാ മാസവും കൃത്യമായി മൊബൈലിൽ വായിക്കാം. മാത്രമല്ല, മാറിവരുന്ന നിയമങ്ങൾ നിമിത്തം മാസികയുടെ പ്രിന്റിംഗും തപാൽമാർഗ്ഗമുള്ള വിതരണവും നിർത്തേണ്ടി വന്നാലും വാട്സാപിലൂടെ മാസിക അയയ്ക്കാൻ കഴിയും. താത്പര്യമുള്ളവർ നിങ്ങളുടെ പേരും വാട്സാപ് നമ്പറും 95 44 557 557 എന്ന മൊബൈൽ നമ്പറിലേക്ക് അയയ്ക്കുക.

29

# ആസ്യയിലെ 7 സഭകൾ

**വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽനിന്നുള്ള ചിന്തകൾ**

**ഡോ. എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

## ഫിലദെൽഫ്യയിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 3:7–13)

*യെഹൂദരല്ലാതിരിക്കെ യെഹൂദരെന്നു കളവായി പറയുന്ന ചിലരെ ഞാൻ സാത്താന്റെ പള്ളിയിൽനിന്നു വരുത്തും; അവർ നിന്റെ കാല്ക്കൽ വന്ന് നമസ്കരിപ്പാനും ഞാൻ നിന്നെ സ്നേഹിച്ചു എന്ന് അറിവാനും സംഗതി വരുത്തും (3:9)*

### കളവായി പറയുന്ന ചിലർ

യെഹൂദരല്ലാതിരിക്കെ യെഹൂദരെന്നു കളവായി പറയുന്ന ചിലരെക്കുറിച്ചാണ് കർത്താവ് ഇവിടെ പറയുന്നത്. വംശാവലി നോക്കിയാൽ അവർ യെഹൂദന്മാരായിരിക്കാം. അവർ പരിച്ഛേദന ഏറ്റവരായിരിക്കാം. പക്ഷേ കർത്താവിന് അവരെ യെഹൂദന്മാരായി കാണാൻ കഴിയില്ല! അവർ കളവു പറയുകയാണെന്നാണ് കർത്താവിന്റെ സാക്ഷ്യം.

അബ്രഹാമിന്റെ സന്തതിപരമ്പരകൾ, യാക്കോബിന്റെ 12 മക്കളാകുന്ന ഗോത്രങ്ങളിൽ പെട്ടവർ, മോശെയുടെ ന്യായപ്രമാണമുള്ളവർ, യാഗങ്ങളും വഴിപാടും ഉള്ളവർ, ശബ്ബത്തും പെസഹായും ഉള്ളവർ, പരിച്ഛേദന ഏറ്റവർ, എന്നിട്ടും കർത്താവ് പറയുന്നു, അവർ യെഹൂദരെന്ന് കളവായി പറയുകയാണെന്ന്! ഇതെന്തുകൊണ്ട്?

റോമർ 2:28–29 നോക്കുക. "പുറമേ യെഹൂദനായവൻ യെഹൂദനല്ല; പുറമേ ജഡത്തിലുള്ളത് പരിച്ഛേദനയുമല്ല; അകമേ യെഹൂദനായവനത്രേ യെഹൂദൻ; അക്ഷരത്തിലല്ല, ആത്മാവിലുള്ള ഹൃദയപരിച്ഛേദനയത്രേ പരിച്ഛേദന; അവനു മനുഷ്യരാലല്ല ദൈവത്താൽ തന്നെ പുകഴ്ച ലഭിക്കും." ആരാണ് യെഹൂദൻ എന്ന് വ്യക്തമായി ഇവിടെ നിർവചിച്ചിരിക്കുന്നു. അകമേ യെഹൂദനായവനാണ് യഥാർത്ഥ യെഹൂദൻ. ദൈവത്തിന്റെ പുത്രനെ (മശിഹായെ) തള്ളിപ്പറയുന്നവർ യഥാർത്ഥ യെഹൂദരല്ല.

“ഫിലിപ്പൊസ് നഥനയേലിനെ കണ്ട് അവനോട്: ന്യായപ്രമാണത്തിൽ മോശെയും പ്രവാചകന്മാരും എഴുതിയിരിക്കുന്നവനെ കണ്ടെത്തിയിരിക്കുന്നു. അവൻ യോസേഫിന്റെ പുത്രനായ യേശു എന്ന നസറത്തുകാരൻതന്നെ എന്നു പറഞ്ഞു” (യോഹന്നാൻ 1:45). യഥാർത്ഥ യെഹൂദന് ഇതുപോലെ സത്യം കണ്ടെത്താൻ കഴിയും.

യെഹൂദൻ എന്ന് അവകാശപ്പെടുന്നവൻ യെഹൂദനെപ്പോലെ ജീവിക്കണം. അല്ലെങ്കിൽ അവന്റെ അവകാശവാദം കളവാണ്. ക്രിസ്ത്യാനി എന്ന് അവകാശപ്പെടുന്നവൻ ക്രിസ്ത്യാനിയെപ്പോലെ ജീവിക്കണം. അല്ലെങ്കിൽ അവന്റെ അവകാശവാദം കളവാണ്. പേരിൽ മാത്രം ക്രിസ്ത്യാനി; പ്രവൃത്തിയിൽ ക്രിസ്ത്യാനിയല്ലെങ്കിൽ അവൻ കള്ളം പറയുന്നു. നമ്മുടെ പ്രവൃത്തിയിലും വാക്കിലും ഇഷ്ടങ്ങളിലും ക്രിസ്തു വെളിപ്പെടുന്നില്ലെങ്കിൽ പിന്നെന്തു ക്രിസ്ത്യാനി?

**സാത്താന്റെ പള്ളി**

അവിശ്വസ്തരായ യെഹൂദന്മാരെക്കുറിച്ചാണ് കർത്താവ് പറയുന്നത്. അവരുടെ സിനഗോഗിൽ നിന്ന് (പള്ളിയിൽനിന്ന്) അവരെ വരുത്തും. പക്ഷേ കർത്താവ് ഇവിടെ വളരെ രൂക്ഷമായ പദപ്രയോഗമാണ് നടത്തിയിരിക്കുന്നത്. യെഹൂദന്മാരുടെ പള്ളിയിൽനിന്ന് വരുത്തും എന്നു പറയുന്നതിനു പകരം സാത്താന്റെ പള്ളിയിൽനിന്ന് (the synagogue of Satan) വരുത്തും എന്നാണ് പറഞ്ഞിരിക്കുന്നത്. മശിഹായെ തള്ളിപ്പറയുന്നവർ സാത്താന്റെ പക്ഷത്തുള്ളവരായതുകൊണ്ട് അവരുടെ പള്ളിയെ സാത്താന്റെ പള്ളി എന്നു പറയാം.

നാം കർത്താവിന്റെ പക്ഷത്തല്ലെങ്കിൽ നിശ്ചയമായും സാത്താന്റെ പക്ഷത്താണ്. നമുക്ക് കർത്താവിന്റെ പക്ഷത്ത് നിലകൊള്ളണമെങ്കിൽ കർത്താവിന്റെ കല്പനകൾ പാലിക്കേണ്ടതുണ്ട്. എന്നാൽ പിശാചിന്റെ പക്ഷത്താകുവാൻ പ്രത്യേകിച്ചൊന്നും ചെയ്യേണ്ടതില്ല. കർത്താവിനെ സ്വീകരിക്കാതിരുന്നാൽ മാത്രം മതി. അനുസരിക്കാതിരുന്നാൽ മതി.

**ദൈവാലയവും പള്ളിയും (സിനഗോഗും)**

**The Temple & The Synagogue**

യെഹൂദന്റെ ദൈവാലയവും സിനഗോഗും തമ്മിൽ വ്യത്യാസമുണ്ട്. ദൈവാലയം ഒന്നേയുള്ളൂ. യെരൂശലേമിൽ മാത്രം. അവിടെയാണ് യാഗങ്ങളും മറ്റും നടത്തുന്നത്. അവിടെ പുരോഹിതന്മാർ ശുശ്രൂഷ ചെയ്യുന്നു. സിനഗോഗ് (പള്ളി) ലോകത്തെവിടെ വേണമെങ്കിലും പണിയാം. അവിടെ യാഗങ്ങളും വഴിപാടും പുരോഹിതന്മാരും ഇല്ല. പ്രാർത്ഥനയും വായനയും പഠനവുമാണ് അവിടെയുള്ളത്. റബ്ബിമാരാണ് അവിടെയുള്ള പ്രധാനികൾ.

ദൈവികപ്രമാണങ്ങളെ അനുസരിക്കാത്തവരും മശിഹായെ അംഗീകരിക്കാത്തവരുമായ യെഹൂദന്മാരെ സാത്താന്റെ പള്ളിക്കാർ എന്നു വിളിച്ചുകൊണ്ട് കർത്താവ് തന്റെ അനിഷ്ടം വളരെ ശക്തമായ വിധം പ്രകടിപ്പിച്ചിരിക്കുന്നു. നമ്മുടെ വാചക കസർത്തുകളും അവകാശവാദങ്ങളും ന്യായീകരണങ്ങളുമെല്ലാം മനുഷ്യരുടെ കണ്ണിൽ പൊടിയിടുന്നതിന് സഹായകമായേക്കാം. പക്ഷേ കർത്താവിനെ കബളിപ്പിക്കാനാവില്ല.

**ദൈവജനത്തിന്റെ വില അവർ തിരിച്ചറിയും**

ക്രിസ്ത്യാനികളുടെ നേർക്ക് ആദ്യം ഉപദ്രവവുമായി എത്തിയത് യെഹൂദന്മാരാണ്. ക്രൈസ്തവസഭയെ ഉന്മൂലനം ചെയ്യാൻ അവർ കഠിനാദ്ധ്വാനം ചെയ്തു. ന്യായപ്രമാണത്തിന്റെ പേരിൽ വ്യാജമായ തർക്കങ്ങൾ ഉന്നയിച്ച് ചിലരെ കല്ലെറിഞ്ഞുകൊന്നു. മറ്റു ചിലരെ ഭരണാധികാരികളെക്കൊണ്ട് കൊല്ലിച്ചു. നിരവധി പേർ സ്വന്തം വസ്തുവകകളും വസതികളും ഉപേക്ഷിച്ച് പലായനം ചെയ്യേണ്ടിവന്നു. മശിഹായെ തിരിച്ചറിഞ്ഞില്ലെന്നു മാത്രമല്ല, തിരിച്ചറിഞ്ഞവരുടെ നേരെ ഉപദ്രവം അഴിച്ചുവിട്ടുകൊണ്ട് അവർ തങ്ങൾ സാത്താന്റെ വകയാണെന്ന് (സാത്താന്റെ പള്ളിക്കാരാണെന്ന്) സ്വയം തെളിയിച്ചു.

ഇക്കൂട്ടരെക്കുറിച്ച് കർത്താവ് പറയുകയാണ്: "അവർ നിന്റെ കാല്ക്കൽ വന്ന് നമസ്കരിപ്പാനും ഞാൻ നിന്നെ സ്നേഹിച്ചു എന്ന് അറിവാനും സംഗതി വരുത്തും" ദൈവമക്കളെ കല്ലെറിഞ്ഞവരും ആട്ടിക്കളഞ്ഞവരും ഒരിക്കൽ അതേ ദൈവമക്കളുടെ കാൽക്കൽ വന്നു വീഴും. ദൈവം യഥാർത്ഥമായി സ്നേഹിച്ചത് അവരെയാണ് എന്ന് ദുഷ്ടന്മാരായ യെഹൂദന്മാർ തിരിച്ചറിയും. ദൈവജനത്തിന്റെ വില തിരിച്ചറിയാതെ ഇന്ന് ലോകത്തിലാകമാനം കുറെ മതഭ്രാന്തന്മാരായ മതതീവ്രവാദികൾ ദൈവമക്കളെ അതിക്രൂരമായി ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയിലും സ്ഥിതി ഭിന്നമല്ല.

ദൈവജനം എല്ലാം നിശബ്ദമായി സഹിക്കുന്നതുകൊണ്ട്, അവർ നിസ്സഹായരാണെന്നും ദുർബ്ബലരാണെന്നും ചിന്തിച്ച് ശത്രുക്കൾ കൂടുതൽ ധൈര്യത്തോടെ അവരെ ഉപദ്രവിക്കുന്നു. ദൈവജനത്തിന്റെ വില ഇക്കൂട്ടർ നിശ്ചയമായും തിരിച്ചറിയും. ജീവനുള്ള ദൈവം സ്നേഹിച്ചത് ആരെയാണെന്ന് അവർ തിരിച്ചറിയും. ദൈവം അതിന് സംഗതി വരുത്തും. അന്ന് ശത്രുക്കൾ നാണംകെട്ട് നിൽക്കുകയും ദൈവമക്കൾ തലയുയർത്തി നിൽക്കുകയും ചെയ്യും.

**(തുടരും)**

**നമ്മുടെ വെബ്സൈറ്റ് സന്ദർശിക്കുക**

**www.reallifevoice.in**

-എംവിഎസ്-

# യോനാ (പുസ്തക പഠനം)

23

യോനാ 1:17 നെ ആധാരമാക്കി ചില കാര്യങ്ങൾ നാം ചിന്തിച്ചുകഴിഞ്ഞതാണല്ലോ. "അങ്ങനെ യോനാ മൂന്നു രാവും മൂന്നു പകലും മത്സ്യത്തിന്റെ വയറ്റിൽ കിടന്നു" എന്നു നാം വായിക്കുന്നു. അനുസരണം കെട്ട പ്രവാചകനെ ആ മൂന്നു രാവും മൂന്നു പകലും സർവശക്തനായ ദൈവം സംരക്ഷിച്ചു. അവൻ കൊല്ലപ്പെടുവാൻ അനുവദിച്ചില്ല. എന്തിന്? ഈ പിന്മാറ്റക്കാരനും അനുസരണമില്ലാത്തവനുമായ യോനായെ എന്തിന് ദൈവം സംരക്ഷിച്ചു? എന്താണ് ദൈവത്തിന് യോനായോട് ഇത്രയധികം സ്നേഹം? ഇത്രയധികം വാത്സല്യം?

ഇതും പോരാഞ്ഞിട്ട്, അനുസരണം കെട്ട യോനായ്ക്ക് ദൈവം വരുത്തിയ ദുരവസ്ഥയെ കല്ലറയിൽ യേശുവിനെ അടക്കംചെയ്യുന്നതിന്റെ സാദൃശ്യമായി കർത്താവ് തന്നെ വ്യാഖ്യാനിച്ചിരിക്കുന്നു! മത്തായി 12:39-40 ൽ കർത്താവ് ഇപ്രകാരം പറഞ്ഞിരിക്കുന്നു: "ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു. യോനാപ്രവാചകന്റെ അടയാളമല്ലാതെ അതിന് അടയാളം ലഭിക്കയില്ല. യോനാ കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും"

യോനായുടെ പിന്മാറ്റം നിമിത്തമുണ്ടായ ശിക്ഷയുടെ അനുഭവത്തെ കർത്താവിന്റെ അടക്കത്തിന്റെ സാദൃശ്യമായി കർത്താവ് തന്നെ പറയുമ്പോൾ, യോനാ എന്ന തന്റെ ദാസനോട് ദൈവത്തിനുണ്ടായിരുന്ന സ്നേഹവാത്സല്യങ്ങളുടെ ആഴവും പരപ്പുമാണ് വെളിപ്പെടുന്നത്. നാം എത്ര പിന്മാറിപ്പോയാലും ദൈവത്തിന് നമ്മോടുള്ള സ്നേഹം കുറയുന്നില്ല. നാം തിരിച്ചുവരുമ്പോൾ, പിന്മാറ്റസമയത്തെ നമ്മുടെ അനുഭവങ്ങളെപ്പോലും പരമാവധി അനുഗ്രഹമാക്കിമാറ്റാൻ ദൈവം ശ്രമിക്കുന്നു!

**മുസ്ലീങ്ങളുടെ ചോദ്യം**

മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരുന്നില്ല എന്നാണ് ചില മുസ്ലീം സുഹൃത്തുക്കൾ വാദിക്കുന്നത്. വെള്ളിയാഴ്ച വൈകുന്നേരം യേശുവിനെ അടക്കം ചെയ്യുകയും ഞായറാഴ്ച പുലർച്ച

ഉയിർക്കുകയും ചെയ്തു. ഇതിൽ എവിടെയാണ് മൂന്നു രാവും മൂന്നു പകലും എന്നാണ് അവരുടെ ചോദ്യം.

**മറുപടി:**

കൃത്യമായി മൂന്നു രാവും മൂന്നു പകലും കർത്താവ് കല്ലറയിൽ ഉണ്ടായിരുന്നില്ല എന്നത് വ്യക്തമാണ്. എന്നാൽ ഒരു ദിവസം പൂർണ്ണമായും രണ്ടുദിവസം ഭാഗികമായും കർത്താവ് കല്ലറയിൽ ഉണ്ടായിരുന്നു. ഒരുക്കനാൾ (വെള്ളി), ശബ്ബത്ത് (ശനി), ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ (ഞായർ) എന്നിങ്ങനെ മൂന്നു ദിവസങ്ങൾ പൂർണ്ണമായോ ഭാഗികമായോ ഇതിൽ ഉൾപ്പെടുന്നു (ലൂക്കൊസ് 23: 54,55; 24:1). ശബ്ബത്ത് (ശനി) പൂർണ്ണമായും മറ്റു രണ്ട് ദിവസങ്ങൾ ഭാഗികമായും.

ഭാഷാശൈലി അനുസരിച്ച് 'രാവും പകലും' എന്നു പറഞ്ഞാൽ 'ദിവസം' എന്നു മാത്രമായി മനസ്സിലാക്കാം. ഒരു മിസ്രയീമ്യനെക്കുറിച്ച് അവൻ മൂന്നു രാവും മൂന്നു പകലും പട്ടിണിയായിരുന്നു എന്ന് 1 ശമുവേൽ 30:12 ലും അതുകൊണ്ട് ഉദ്ദേശിച്ചത് മൂന്നു ദിവസം എന്നാണെന്ന് 30:13 ലും രേഖപ്പെടുത്തിയിരിക്കുന്നു.

ദിവസത്തിന്റെ ഒരു ഭാഗമായാലും അതിനെ ദിവസം എന്ന നിലയിൽ പരിഗണിക്കും. എസ്ഥേർ മൂന്നു രാവും മൂന്നു പകലും ഉപവസിക്കും എന്ന് എസ്ഥേർ 4:16 ൽ കാണുന്നു. അതിനുശേഷം എസ്ഥേർ രാജാവിന്റെ അടുക്കൽ ചെല്ലും. എന്നാൽ മൂന്നാം ദിവസം എസ്ഥേർ രാജാവിന്റെ അടുക്കൽ പോയതായി 5:1 ൽ കാണാം.

നിങ്ങൾ ഒരു ലോഡ്ജിൽ മുറിയെടുക്കുന്നു എന്നു കരുതുക. വെള്ളിയാഴ്ച രാത്രിയാണ് നിങ്ങൾ മുറിയെടുക്കുന്നത്. അവിടെയുള്ള രജിസ്റ്ററിൽ വെള്ളിയാഴ്ച നിങ്ങൾ റൂം എടുത്തതായി അവർ രേഖപ്പെടുത്തും. ഞായറാഴ്ച രാവിലെ നിങ്ങൾ റൂം ഒഴിഞ്ഞ് പോരുന്നു എന്നു കരുതുക. ആ തീയതിയും അവർ രജിസ്റ്ററിൽ രേഖപ്പെടുത്തും. അപ്പോൾ രജിസ്റ്റർ അനുസരിച്ച് നിങ്ങൾ മൂന്നു തീയതികളിൽ ആ ലോഡ്ജിൽ ഉണ്ടായിരുന്നു. മൂന്നു ദിവസത്തെ വാടക നിങ്ങളുടെ കയ്യിൽ നിന്ന് അവർ വാങ്ങിയിട്ടില്ലായിരിക്കാം. 72 മണിക്കൂർ (3 x 24) നിങ്ങൾ അവിടെ ചെലവഴിച്ചിട്ടില്ലായിരിക്കാം. പക്ഷേ അവിടെയുള്ള രജിസ്റ്റർ പ്രകാരം നിങ്ങൾ അവിടെ മൂന്നു തീയതികളിൽ ഉണ്ടായിരുന്നു.

മൂന്നു ദിവസം കഴിഞ്ഞിട്ട് എന്നു പറഞ്ഞാൽ അത് മൂന്നാം ദിവസം ആകാം എന്ന് 1 രാജാക്കന്മാർ 12:5,12 വാക്യങ്ങൾ ചേർത്തു ചിന്തിച്ചാൽ മനസ്സിലാകും. മൂന്നു ദിവസം കഴിഞ്ഞിട്ട് എന്നു പറയുമ്പോൾ 72 മണിക്കൂർ ഉദ്ദേശിക്കുന്നില്ലെന്നർത്ഥം.

**തന്റെ കല്ലറവാസത്തെക്കുറിച്ച് കർത്താവ് പറഞ്ഞത്**

മൂന്നു നാൾ കഴിഞ്ഞിട്ട് ഉയിർത്തെഴുന്നേൽക്കും (മർക്കൊസ് 8:31)

മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കും (മത്തായി 16:21; മർ. 9:31)

മൂന്നു രാവും മൂന്നു പകലും കഴിഞ്ഞ് (മത്തായി 12:40)

മൂന്നു ദിവസത്തിനകം (യോഹന്നാൻ 2:19)

മൂന്നു രാവും പകലും എന്നു പറഞ്ഞാൽ മൂന്നു ദിവസം എന്നോ മൂന്നാം ദിവസം എന്നോ മൂന്നു ദിവസത്തിനുള്ളിൽ എന്നോ അർത്ഥമെടുക്കാമെന്ന് മേല്പറഞ്ഞ വാക്യങ്ങളിൽനിന്ന് വ്യക്തമാകുന്നു.

രാവും പകലും എന്നത് ഭാഷയിലെ ഒരു പ്രയോഗമാണ്. 24 മണിക്കൂർ എന്ന് അതിന് അർത്ഥമില്ല. അപ്പൊ.പ്രവൃ. 20:31 ൽ, "ഞാൻ മൂന്നു സംവത്സരം രാപ്പകൽ (രാവും പകലും)... ബുദ്ധി പറഞ്ഞുതന്നത് ഓർത്തുകൊൾവിൻ" എന്നു കാണുന്നു. 1 തിമൊ. 5:5 ലും 2 തിമൊ. 1:3 ലും ഇതേ പ്രയോഗം കാണാം. ഇവിടെയൊന്നും രാവും പകലും എന്നതിന് 24 മണിക്കൂർ എന്ന് അർത്ഥം വരുന്നില്ല.

**യോനാ 72 മണിക്കൂർ മത്സ്യത്തിന്റെ വയറ്റിൽ കഴിഞ്ഞുവോ?**

"അങ്ങനെ യോനാ മൂന്നു രാവും മൂന്നു പകലും മത്സ്യത്തിന്റെ വയറ്റിൽ കിടന്നു" അപ്പോൾ യോനാ 72 മണിക്കൂർ മത്സ്യത്തിന്റെ ഉള്ളിൽ കഴിഞ്ഞുവോ? ഇല്ല. മൂന്നു രാവും മൂന്നു പകലും എന്നു പറഞ്ഞാൽ, ഭാഷാപ്രയോഗമനുസരിച്ച് മൂന്നു ദിവസത്തിന്റെ ഭാഗം ഉൾപ്പെട്ടാൽ മതി. യേശുക്രിസ്തുവിന്റെ അടക്കം ചെയ്യലുമായി ബന്ധപ്പെട്ട പ്രസ്താവനയിൽനിന്ന് അത് കൂടുതൽ വ്യക്തമാകുന്നു.

മത്സ്യത്തിന്റെ വയറ്റിൽ 72 മണിക്കൂറല്ല, അതിലുമപ്പുറം യോനായെ സംരക്ഷിക്കുവാൻ ദൈവം പ്രാപ്തനാണ്. അടുത്ത് വന്നവരെപ്പോലും ദഹിപ്പിച്ചുകളഞ്ഞ തീച്ചൂളയിൽ തന്റെ മൂന്നു ദാസന്മാരെ തീയുടെ മണം പോലും തട്ടാതെ സംരക്ഷിക്കാൻ പ്രാപ്തിയുള്ളവനാണ് ദൈവം എന്ന് ദാനിയേലിന്റെ പുസ്തകത്തിൽ നാം വായിക്കുന്നുണ്ടല്ലോ. സർവശക്തനായ ദൈവത്തിന് യാതൊന്നും അസാധ്യമല്ല. എവിടെയും തനിക്ക് ഇഷ്ടമുള്ളത് ചെയ്യുന്നവനാണ് ദൈവം. അതിന് ആരുടെയും സമ്മതം ദൈവത്തിന് ആവശ്യമില്ല, ആരുടെയെങ്കിലും എതിർപ്പ് പ്രശ്നവുമല്ല.

ദൈവം തന്റെ ദാസനായ യോനായുടെ തെറ്റിന് അവനെ ശിക്ഷിച്ചുവെങ്കിലും, ആ ശിക്ഷയെപ്പോലും (മത്സ്യത്തിന്റെ വയറ്റിൽ കിടന്നത്) യേശുവിന്റെ മരണവുമായി ബന്ധപ്പെട്ട ഒരു നിഴലായി അവതരിപ്പിച്ചത് അതിശയകരം തന്നെ!

**(തുടരും)**

# കുടുംബജീവിതം: ചില പ്രായോഗിക ചിന്തകൾ 9

-എംവിഎസ്-

**സങ്കീർത്തനങ്ങൾ 19:12,13**

*"തന്റെ തെറ്റുകളെ ഗ്രഹിക്കുന്നവൻ ആർ? മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിക്കേണമേ. സ്വമേധാപാപങ്ങളെ അകറ്റി അടിയനെ കാക്കേണമേ; അവ എന്റെ മേൽ വാഴരുതേ; എന്നാൽ ഞാൻ നിഷ്കളങ്കനും മഹാപാതകരഹിതനും ആയിരിക്കും"*

കുടുംബജീവിതത്തെക്കുറിച്ചുള്ള ലേഖനത്തിൽ ഈ വാക്യങ്ങൾക്ക് എന്ത് പ്രസക്തിയാണുള്ളത് എന്നു ചിലർ ചിന്തിച്ചേക്കാം. കുടുംബജീവിതവുമായി നേരിട്ടു ബന്ധമുള്ളതല്ല ഈ വേദഭാഗം എന്നു സമ്മതിക്കുന്നു. എങ്കിലും ഈ വാക്യങ്ങളെ അടിസ്ഥാനമാക്കി ചില ചിന്തകൾ കുടുംബജീവിതവുമായി ബന്ധപ്പെടുത്തി പങ്കുവയ്ക്കുകയാണ്.

**സ്വന്തം തെറ്റുകളെ തിരിച്ചറിയാൻ കഴിയുന്നത് വലിയൊരു അനുഗ്രഹമാണ്. നമ്മുടെ തെറ്റുകളെ മനസ്സിലാക്കിത്തരാൻ നാം ദൈവത്തോട് പ്രാർത്ഥിക്കണം.**

**തന്റെ തെറ്റുകളെ ഗ്രഹിക്കുന്നവൻ ആർ?**

ചില ഗുണങ്ങൾ നാം മന:പൂർവ്വം നമ്മിൽ വളർത്തിയെടുക്കണം. അങ്ങനെ ചെയ്താൽ കുടുംബജീവിതത്തിൽ മാത്രമല്ല എവിടെയും നാം അത് നിമിത്തം അനുഗ്രഹിക്കപ്പെടും. സ്വന്തം തെറ്റുകളെ തിരിച്ചറിയാൻ കഴിയുന്നത് വലിയൊരു അനുഗ്രഹമാണ്. നമ്മുടെ തെറ്റുകളെ മനസ്സിലാക്കിത്തരാൻ നാം ദൈവത്തോട് പ്രാർത്ഥിക്കണം. ചിലർക്ക് മറ്റുള്ളവരുടെ തെറ്റുകൾ മനസ്സിലാക്കാനുള്ള കഴിവുണ്ട്; സ്വന്തം തെറ്റുകൾ മനസ്സിലാക്കാൻ കഴിവില്ലതാനും. ഇക്കൂട്ടരുടെ ജീവിതം മൊത്തം വൻപരാജയമായിരിക്കും. കുടുംബജീവിതത്തിന്റെ കാര്യം പറയുകയും വേണ്ട.

ഭർത്താവിന് ഭാര്യയുടെ തെറ്റുകൾ തിരിച്ചറിയാൻ കഴിയുന്നു. ഭാര്യയ്ക്ക് ഭർത്താവിന്റെ തെറ്റുകൾ തിരിച്ചറിയാനുള്ള കഴിവുണ്ട്. പക്ഷേ സ്വന്തം തെറ്റുകൾ മനസ്സിലാകുന്നില്ല. കുടുംബപ്രശ്നങ്ങളുമായി മുന്നിൽ വരുന്ന ദമ്പതികളിൽ ഈ സ്വഭാവം പ്രകടമായി കണ്ടിട്ടുണ്ട്. ഭാര്യയുടെ, ഭാര്യയുടെ അമ്മ

യുടെ, അച്ഛന്റെ, ആങ്ങളയുടെ എല്ലാം തെറ്റ് ചൂണ്ടിക്കാണിച്ച് സംസാരിക്കും. സ്വന്തം തെറ്റുകൾ അറിയില്ല; അറിയാതെയൊന്നുമല്ല, സമ്മതിച്ചു തരില്ലെന്നു മാത്രം. ഈ പ്രവണത നാം നിർബന്ധമായും അവസാനിപ്പിക്കണം.

കുടുംബജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാകും. ഉണ്ടായാൽ അവനവന്റെ ഭാഗത്തെ തെറ്റുകൾ എന്തെല്ലാമെന്ന് ആദ്യം ചിന്തിക്കുക. എങ്കിൽ പ്രശ്നം പെട്ടെന്നു പരിഹരിക്കാൻ കഴിയും. പുറമെനിന്ന് ഒരാളുടെ മദ്ധ്യസ്ഥം വേണ്ടിവരില്ല. രണ്ടുപേരും അവനവന്റെ ഭാഗത്തെ വീഴ്ചകളെ ഗൗരവമായി എടുക്കാതെ, സ്വന്തം വീഴ്ചകളെ ന്യായീകരിച്ചും പരസ്പരം പഴിചാരിയും ഇരിക്കുകയാണെങ്കിൽ, കാര്യങ്ങൾ കൂടുതൽ വഷളാവുകയും രണ്ടുപേരും കൂടുതൽ അകലുകയും പ്രശ്നപരിഹാരം അസാദ്ധ്യമാവുകയും ചെയ്യും.

ക്ലാസ്സിൽ വൈകി വന്ന കുട്ടിയോട്, “എന്താ വൈകിയത്?” എന്നു ചോദിച്ചാൽ, “ഞാൻ വരുമ്പോഴേക്കും ബസ് പോയി” എന്ന് മറുപടി. അവൻ ബസിനെയാണ് കുറ്റപ്പെടുത്തിയത്. അവൻ നേരം വൈകി വന്നതായിരുന്നു യഥാർത്ഥ കാരണം. “എന്താ പരീക്ഷയ്ക്ക് മാർക്ക് കുറഞ്ഞത്?” എന്ന് ഒരു കുട്ടിയോട് ചോദിച്ചാൽ, “ആ ടീച്ചർ എനിക്ക് മാർക്ക് ശരിക്കും ഇട്ടുതന്നില്ല” എന്ന മറുപടി. ടീച്ചർക്കാണ് കുറ്റം. ഞാൻ ശരിയായി പഠിക്കാത്തതുകൊണ്ടാണ് മാർക്ക് കുറഞ്ഞത് എന്നു പറയാൻ ആ കുട്ടിക്ക് കഴിയുന്നില്ല. ഇങ്ങനെ ചെറുപ്രായത്തിൽ തന്നെ സ്വന്തം കുറ്റങ്ങളെ വെളുപ്പിക്കാനുള്ള പ്രവണത കുട്ടികൾ പ്രകടമാക്കുന്നു. ഇവർ വലുതായി, കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുമ്പോഴും ഇതേ സ്വഭാവം തുടരുകയും ചെയ്യുന്നു.

എനിക്ക് പരിചയമുള്ള ഒരു കുടുംബം തകർച്ചയുടെ വക്കിലെത്തിയ കാര്യത്തെക്കുറിച്ച് പറയട്ടെ. അവർ വിശ്വാസികളാണ്. അവർക്ക് മക്കളുണ്ട്. പ്രശ്നപരിഹാരത്തിനായി ഒരാളെ മദ്ധ്യസ്ഥനായി വച്ചു. അദ്ദേഹം രണ്ടുപേർക്കും പറയാനുള്ള കാര്യങ്ങൾ കേട്ടു. തെറ്റ് ഭർത്താവിന്റെ ഭാഗത്താണ്. അയാൾ അവളെ തല്ലുമായിരുന്നു. ഭർത്താവിന് ഭാര്യ സ്വന്തശരീരമാണ് (എഫെ. 5:28,29). ഭാര്യ സ്വന്തശരീരമാണെന്ന തോന്നൽ അയാൾക്കുണ്ടെങ്കിൽ തന്റെ ഭാര്യയെ തല്ലുമായിരുന്നില്ല. വേറെ ശരീരമാണെന്ന തോന്നൽ വരുമ്പോഴാണ് തല്ലുന്നത്. കർത്താവിന്റെ കയ്യിൽ ആണി അടിച്ചുകയറ്റിയ പട്ടാളക്കാരുടെ കാര്യം നോക്കൂ. വേറെ ആളുടെ ശരീരം എന്നറിയാവുന്നതുകൊണ്ടാണ് അവർ അത് അത്രയും ഈസിയായി ചെയ്തത്. സ്വന്തം കയ്യിൽ അതുപോലെ ആണി അടിച്ചുകയറ്റാൻ അവർക്കാകില്ല.

മദ്ധ്യസ്ഥൻ എത്ര വിശദീകരിച്ചിട്ടും ഭാര്യയെ തല്ലുന്നത് തെറ്റാണെന്ന് ആ ഭർത്താവ് സമ്മതിച്ചില്ല. “ഞാൻ ആണാണ്. ആണായാൽ ചിലപ്പോൾ ഭാര്യയെ തല്ലിയെന്നു വരും” എന്ന് അയാൾ വാദിച്ചു. ആണാണെന്നു തെളിയിക്കേണ്ടത് പെണ്ണിനെ തല്ലിക്കൊണ്ടല്ലെന്നും അവളെ സംരക്ഷിച്ചും പോറ്റി

പ്പുലർത്തിക്കൊണ്ടുമാണെന്നും ആ ഭർത്താവിന് അറിഞ്ഞുകൂടാ. ശാരീരികമായി ഭാര്യയേക്കാൾ കരുത്തുള്ളവനായതുകൊണ്ടും ഭാര്യ തിരിച്ചു തല്ലില്ലെന്നു ഉറപ്പുള്ളതുകൊണ്ടുമാണ് ഒരു ഭർത്താവ് ഭാര്യയെ തല്ലുന്നത്.




ബൈബിൾപ്രകാരം, ഭാര്യയെ തല്ലുന്നത് തെറ്റാണ്. ഭാര്യയെ തല്ലാനല്ല, സ്വന്തശരീരത്തെപ്പോലെ സ്നേഹിക്കാനാണ് ബൈബിൾ നിർദ്ദേശിക്കുന്നത്. മാനുഷനിയമപ്രകാരവും ഭാര്യയെ തല്ലുന്നത് തെറ്റാണ്. ഭാരതീയ ന്യായസംഹിതയിലെ സെക്ഷൻ 85 പ്രകാരം (BNS Section 85), ഭാര്യയെ തല്ലിയാൽ മൂന്നു വർഷം വരെ തടവും, കൂടാതെ പിഴയും ലഭിക്കും. ഇന്ത്യയിലെ ഒട്ടുമിക്ക ഭാര്യമാരും ക്ഷമയും വിട്ടുവീഴ്ചാമനോഭാവമുള്ളവരും ആയതുകൊണ്ടാണ് ഭാര്യമാരെ തല്ലുന്ന ഭർത്താക്കന്മാരെക്കൊണ്ട് ഇന്ത്യയിലെ ജയിലുകൾ നിറഞ്ഞുകവിയാത്തത്.

ഭാര്യയെ തല്ലിക്കോളാൻ പറഞ്ഞിട്ടുള്ള രണ്ട് 'ദിവ്യ'പുസ്തകങ്ങളുണ്ട്. ഒന്ന്, മനുസ്മൃതി; രണ്ട്, ഖുർആൻ. മനുസ്മൃതി 2:281 ൽ, ഭാര്യയെ കയറുകൊണ്ടോ ചൂരൽകൊണ്ടോ തല്ലിക്കോളാൻ നിർദ്ദേശമുണ്ട്. ഖുർആൻ 4:34 ൽ, ഭാര്യയെ തല്ലിക്കോളാൻ പറയുന്നുണ്ട്. ഇത് സംബന്ധിച്ച് ഫെമിനിസ്റ്റുകളുടെ ഭാഗത്തുനിന്നും മറ്റും ഉണ്ടാകാവുന്ന കടുത്ത വിമർശനത്തിൽനിന്ന് രക്ഷപ്പെടാനായി, "ലഘുവായ അടിയേ പാടുള്ളൂവെന്ന് നബിവചനങ്ങൾ വ്യക്തമാക്കുന്നു" എന്നു പറഞ്ഞ് ഖുർആൻ പണ്ഡിതന്മാർ തടിതപ്പുകയാണ് ചെയ്യാറുള്ളത്. എത്രത്തോളം ലഘുവായ അടി എന്നതിനുള്ള വിശദീകരണം കൂടി അവർ തരേണ്ടതായിരുന്നു.

ഏതായാലും ഭാര്യയെ തല്ലുന്നതിന് ബൈബിൾ എതിരാണ്. ഇവിടത്തെ മാനുഷനിയമവും എതിരാണ്. നേരത്തേ പറഞ്ഞ കഥാനായകനായ ഭർത്താവിന് തന്റെ തെറ്റ് അംഗീകരിക്കാനായില്ല. ഇങ്ങനെയായാൽ അവർ ഒരുമിച്ച് എങ്ങനെ മുന്നോട്ടുപോകും? അപ്പോൾ അവരുടെ മക്കൾ? തകർന്ന കുടുംബത്തിലെ (broken family) മക്കൾ ക്രിമിനലുകളും മാനസികരോഗികളും ആത്മഹത്യാപ്രവണതകളുള്ളവരും ഒക്കെയായി മാറുന്നതായി കണക്കുകൾ തെളിയിക്കുന്നു. തലമുറകളെ നശിപ്പിക്കരുത്. രണ്ടുപേരും കൂടി വഴക്കടിച്ച് മക്കളെ നശിപ്പിക്കരുത്. സ്വന്തം തെറ്റുകളെ തിരിച്ചറിയുക, തിരുത്തുക. ഒരുമിച്ച് ജീവിക്കുക.

**(തുടരും)**

# അണ്ണാച്ചിയുടെ ഐസ്ക്രീം!

**1983**

ഞാൻ സമീപപ്രദേശത്തുള്ള ഗവൺമെന്റ് ഹൈസ്കൂളിൽ എട്ടാം ക്ലാസിൽ പഠിക്കുന്ന കാലം. സ്കൂൾ ഗെയ്റ്റിന് പുറത്ത് റോഡിന്റെ മറുവശത്ത് ഒരു അണ്ണാച്ചി സൈക്കിളിൽ ഐസ്വില്പന നടത്തുന്നുണ്ടായിരുന്നു. (തമിഴ്നാട്ടുകാരനായതുകൊണ്ട് അദ്ദേഹത്തെ എല്ലാവരും അണ്ണാച്ചി എന്നാണ് വിളിച്ചിരുന്നത്)

കൈയിൽ കാശുള്ള കുട്ടികൾ കോലൈസ് (കോൽ ഐസ്) വാങ്ങി കഴിക്കും. 'മടിയിൽ കനമില്ലാത്ത' എന്നെപ്പോലുള്ള പാവങ്ങൾ അത് നോക്കി നിൽക്കും. അന്നു ഞാൻ കൊതിവെള്ളം വിഴുങ്ങുകയായിരുന്നോ അതോ നെടുവീർപ്പിട്ട് നിൽക്കുകയായിരുന്നോ എന്നോർമ്മയില്ല.

അണ്ണാച്ചി കുട്ടികൾക്ക് ഐസ് കടം കൊടുക്കും എന്ന് കൂട്ടുകാർ പറഞ്ഞറിഞ്ഞു.

ഒരു ദിവസം പമ്മിപമ്മി അണ്ണാച്ചിയുടെ അടുത്ത് ചെന്നു. അല്പം ചമ്മലോടെ "ഐസ് കടം തരുമോ? പൈസ പിന്നെ തരാം" എന്നു പറഞ്ഞു. മറുപടിയൊന്നും പറയാതെ അണ്ണാച്ചി പെട്ടിയിൽനിന്ന് ഒരു കോലൈസ് എടുത്ത് എനിക്ക് തന്നു.

അണ്ണാച്ചി എന്റെ പേര് ചോദിച്ചില്ല. എന്നോട് ഒന്നും മിണ്ടിയില്ല. കടം ഒരിടത്തും കുറിച്ചുവച്ചുമില്ല.

പിന്നെയും മറ്റൊരു ദിവസം ഞാൻ അണ്ണാച്ചിയെ സമീപിച്ചു. അണ്ണാച്ചി ഒന്നും പറയാതെ ഐസ് എടുത്തു തന്നു. "പൈസ പിന്നെ തരാട്ടോ" എന്നു പറഞ്ഞ് ഞാൻ അത് വാങ്ങി. അണ്ണാച്ചി ഒന്നും മിണ്ടിയില്ല.

പിന്നെ അതൊരു പതിവായി. അണ്ണാച്ചി ഒന്നും പറയാറില്ല. പൈസ ചോദിക്കാറില്ല. കടം ഒരിടത്തും കുറിച്ചുവയ്ക്കാറുമില്ല. കുഞ്ഞുങ്ങളോടുള്ള വാത്സല്യമോ അതോ അദ്ദേഹത്തിന് തലയ്ക്ക് വട്ടോ? എനിക്കറിഞ്ഞുകൂടാ.

ചില ദിവസങ്ങൾക്കുശേഷം എന്റെ മനഃസാക്ഷി എന്നെ കുറ്റപ്പെടുത്താൻ തുടങ്ങി. അണ്ണാച്ചിയുടെ നല്ല മനസ്സിനെ ഞാൻ ചൂഷണം ചെയ്യു

ന്നത് ശരിയല്ലെന്ന് എനിക്ക് തോന്നി. അണ്ണാച്ചിക്ക് പൈസ കൊടുക്കണം. കടം വാങ്ങിയുള്ള തീറ്റ അവസാനിപ്പിക്കണം. ഞാൻ മനസ്സിലുറപ്പിച്ചു.

പേടി ഉണ്ടായിരുന്നുവെങ്കിലും ഞാൻ അമ്മയോട് കാര്യം പറഞ്ഞു. അല്ലാതെ ഈ എട്ടാംക്ലാസ്സുകാരൻ എവിടെനിന്ന് പണം സംഘടിപ്പിക്കാൻ?

കേട്ട പാടെ അമ്മ കലിതുള്ളി. ശാന്തമായി നീങ്ങുന്ന പ്രകൃതിയിൽ പെട്ടെന്ന് കൊടുങ്കാറ്റ് അടിച്ചാലെന്ന പോലത്തെ അവസ്ഥ! നാണോം മാനോം ഇല്ലാത്തവൻ എന്ന് അമ്മ എന്നെ വിളിച്ചു. നീയൊക്കെ എന്റെ വയറ്റിൽ തന്നെയാണോടാ കിടന്നത്? എന്നു ചോദിച്ചു.

ഇനിയുണ്ടാവില്ല പ്ലീസ് എന്ന് ഞാൻ കെഞ്ചി പറഞ്ഞു. ഒടുവിൽ അമ്മ പൈസ തന്നു. അണ്ണാച്ചിയെ കണ്ട് പൈസ കൊടുത്തു. അദ്ദേഹം പ്രത്യേകിച്ചൊന്നും പറഞ്ഞില്ല. മുഖത്ത് പ്രത്യേകിച്ചൊരു ഭാവമാറ്റവും ഇല്ല. പ്രത്യേക ജാതി മനുഷ്യൻ!

ഏതായാലും കടംവാങ്ങിയുള്ള തീറ്റ അതോടുകൂടി അവസാനിപ്പിച്ചു.

*കടം വാങ്ങാൻ ആളുകൾ ആവേശം കാണിക്കുന്ന കാഴ്ചയാണ് നാം പലപ്പോഴും കാണുന്നത്. ഓടിനടന്ന് കടം വാങ്ങി ആവശ്യത്തിനും അനാവശ്യങ്ങൾക്കും ചെലവാക്കിയതിനു ശേഷം, "വായ്പ വാങ്ങാൻ ഇടവരികയില്ല" എന്ന് ഉറക്കെ പാടുവാൻ ലജ്ജയില്ലാത്ത വിശ്വാസികൾ ധാരാളം!*

*ഇഎംഐ (EMI) സൗകര്യമുള്ളതുകൊണ്ട് ഓരോ മാസവും കുറേശ്ശെയായി പണം അടച്ചാൽ മതി. ഇങ്ങനെയൊരു സൗകര്യം ഉള്ളതുകൊണ്ട് ആളുകളുടെ കടം വാങ്ങൽ പ്രവണത കൂടി.*

*അടവുതെറ്റിയാൽ ഗുണ്ടകൾ രംഗത്തിറങ്ങും. എത്രയോ പേർ അതു നിമിത്തം ആത്മഹത്യ ചെയ്തു! കടം വാങ്ങി സ്വന്തമാക്കിയത് ഇരട്ടി നഷ്ടത്തോടുകൂടി എത്രയോ പേർക്ക് നഷ്ടപ്പെട്ടു!*

*ജീവൻ നഷ്ടപ്പെട്ടവർ... മാനം നഷ്ടപ്പെട്ടവർ... കിടപ്പാടം നഷ്പ്പെട്ടവർ... അഴി എണ്ണിയവർ... ഇതൊക്കെയായിട്ടും ആരും പഠിക്കുന്നില്ല. പിന്നെയും പിന്നെയും കടം വാങ്ങാനുള്ള ത്വര കാണിച്ചു മുന്നേറുന്നു.*

*അത്യാവശ്യത്തിന് കടം വാങ്ങുന്നത് നാട്ടിലെ നിയമം തടയുന്നില്ല.*

*കടം വാങ്ങുന്നത് സംബന്ധിച്ച് ചില പ്രായോഗിക നിർദ്ദേശങ്ങൾ പറയാം. (1) കടം വാങ്ങുന്നത് ബാങ്കുകൾ പോലുള്ള അംഗീകൃത ധനകാര്യസ്ഥാപനങ്ങളിൽനിന്നാകണം. (2) അത്യാവശ്യങ്ങൾക്കു മാത്രമേ കടം വാങ്ങാവൂ. (3) ഒരു കടം ഉള്ളപ്പോൾ പുതിയ കടം വരുത്താതെ നോക്കണം. (4) ഉള്ള കടം അടച്ചുതീർക്കുന്നതിൽ വീഴ്ച വരുത്തരുത്. (5) സ്ഥിരവരുമാനം ഇല്ലാത്തവർ കടം വാങ്ങുന്നത് പരമാവധി ഒഴിവാക്കുന്നതാണ് നല്ലത്.*

*കടം വാങ്ങുന്നത് സംബന്ധിച്ച് ബൈബിൾ പറയുന്ന കാര്യങ്ങൾ നാം ശ്രദ്ധിക്കണം. അവ താഴെപ്പറയുന്നവയാണ്:*

(1) കടം വാങ്ങുന്നവൻ കടം കൊടുത്തവന്റെ അടിമയാണ് (സദൃശവാക്യങ്ങൾ 22:7). കടം വാങ്ങുന്നത് നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്നു. ആ കടം വീട്ടുന്നത് വരെ നാം അടിമയാണ്. ഒതുങ്ങിക്കഴിയണം.

(2) കടം വീട്ടാൻ ശ്രദ്ധിക്കാത്തവൻ ദുഷ്ടനാണ് (സങ്കീ.37:21). കടം വാങ്ങി മുങ്ങി നടക്കുന്നതിനെ വചനം പ്രോത്സാഹിപ്പിക്കുന്നില്ല. എത്രയും വേഗത്തിൽ അത് തിരിച്ചടയ്ക്കാൻ ശ്രമിക്കണം.

കടം വാങ്ങിയാൽ അടിമ; വാങ്ങിയ കടം കൊടുത്തുതീർത്തില്ലെങ്കിൽ ദുഷ്ടൻ! ഈ രണ്ട് മുന്നറിയിപ്പുകൾ ശ്രദ്ധിക്കാൻ മറക്കരുത്.

പലരും കടം വാങ്ങുന്നത് ആർഭാടങ്ങൾക്ക് ചെലവഴിക്കാൻ വേണ്ടിയാണ്. ലളിതജീവിതം നയിക്കേണ്ട ദൈവമക്കൾ അങ്ങനെ ആഡംബരവും ആർഭാടവുമായി ജീവിക്കുന്നു.

ചിലർ കടം വാങ്ങുന്നത് മാരകരോഗങ്ങൾക്ക് ചികിത്സിക്കാനാണ്. ദയവായി ഇക്കാര്യത്തിനുവേണ്ടി ലക്ഷങ്ങൾ കടം വാങ്ങരുത്. പത്ത് ലക്ഷം... പതിനഞ്ച് ലക്ഷം... മുപ്പത്തഞ്ച് ലക്ഷം... എഴുപത്തഞ്ച് ലക്ഷം... ഇത്രയൊക്കെ ചികിത്സയ്ക്കുവേണ്ടി ചെലവഴിച്ചിട്ട് എത്ര ആളുകൾ രക്ഷപ്പെടുന്നുണ്ട്?

ആശുപത്രികളും മരുന്നുകമ്പനികളും തടിച്ചുകൊഴുക്കുക എന്നല്ലാതെ എന്താണ് ഇതുകൊണ്ട് മെച്ചം? അവനവന്റെ സാമ്പത്തികശേഷി നോക്കി അതിനനുസരിച്ച് വേണം കടം വാങ്ങാൻ. അവനവന്റെ വരുമാനത്തിന്റെ വലുപ്പം നോക്കി മാത്രം കടം വാങ്ങുക. മാരകരോഗം പിടിപ്പെട്ടയാളെ രക്ഷിക്കാനായി ചികിത്സിച്ച് ചികിത്സിച്ച് ആളെയും കിട്ടിയില്ല, കടക്കെണിയിലും ആയി എന്ന അവസ്ഥ വരരുത്.

എന്റെ സാമ്പത്തികശേഷി നോക്കി മാത്രമേ ഞാൻ കാര്യങ്ങൾ ചെയ്തുള്ളൂ. എന്റെ കല്യാണം നടത്തിയപ്പോഴും, എന്റെ മക്കളെ പഠിപ്പിച്ചപ്പോഴും, വീട് പണിതപ്പോഴും, രണ്ടു പെൺമക്കളുടെ കല്യാണം നടത്തിയപ്പോഴും, വാഹനങ്ങൾ വാങ്ങിയപ്പോഴും എന്റെ വരുമാനം നോക്കി മാത്രമേ കാര്യങ്ങൾ ചെയ്തുള്ളൂ. അതുകൊണ്ടുതന്നെ വലിയ കടക്കെണിയിൽ അകപ്പെടാതിരിക്കാൻ എനിക്കിടയായി.

ട്യൂഷനെടുത്ത് കിട്ടുന്നതാണ് എന്റെ വരുമാനം. എന്റെ ആവശ്യങ്ങൾക്ക് മതിയായ വരുമാനം എനിക്ക് ലഭിക്കുന്നുണ്ട്. അതിനിടയ്ക്ക് പാരലൽകോളേജുകളിലും സ്വാശ്രയകോളേജുകളിലും പോയി പഠിപ്പിച്ചു. പതിനഞ്ചുമണിക്കൂറിൽ അധികം ജോലി ചെയ്ത കൊല്ലങ്ങൾ ഉണ്ടായിട്ടുണ്ട്. കടം ഇല്ലാതെ ജീവിക്കാനുള്ള എന്റെ തീരുമാനമാണ് എന്നെക്കൊണ്ട് ഇങ്ങനെയെല്ലാം ചെയ്യിപ്പിച്ചത്.

കടത്തിൽ ജനിച്ച്, കടത്തിൽ ജീവിച്ച്, കടത്തിൽ മരിക്കുന്നവനാണ് മലയാളി എന്നൊരു ചൊല്ലുണ്ടത്രേ. ഈ ചൊല്ല് നമുക്ക് തിരുത്തേണ്ടേ? കടം വാങ്ങി തരം കണ്ടവർ ആ പ്രവണത അവസാനിപ്പിക്കട്ടെ. ❍

# സ്വർണ്ണമുതലാളിയുടെ ചിരി

ചെറുകഥ

-എംവിഎസ്-

1500 കിടക്കകളുള്ള ആശുപത്രി തൊട്ടടുത്ത്. ദിവസവും പതിനായിരത്തിലധികം ആളുകളുടെ സാന്നിധ്യം

അതിനെക്കുറിച്ച് ചിന്തിച്ചപ്പോൾ സ്വർണ്ണമുതലാളിയുടെ മുഖത്ത് ഒരു മഞ്ഞച്ചിരി പടർന്നു... 916 ഗോൾഡിന്റെ തിളക്കമുള്ള ചിരി!

കോടികൾ പൊടിക്കേണ്ടിവരും. അത് സാരമില്ല. അതിലുമധികം കോടികൾ കയ്യിൽ വരും. ഇത് ചിന്തിച്ചപ്പോൾ സ്വർണ്ണമുതലാളിയുടെ മുഖത്ത് വിരിഞ്ഞ പുഞ്ചിരിക്ക് 80 കാരറ്റ് എമറാൾഡ് കട്ട് പ്ലാറ്റിനം നെക്ലേസിന്റെ ശോഭ!

കടമ്പകൾ കുറെയുണ്ട്. അതൊന്നും സാരമില്ല. ലക്ഷങ്ങൾ വാരിയെറിഞ്ഞാൽ വീഴാത്ത ഉദ്യോഗസ്ഥനില്ല. രാഷ്ട്രീയക്കാരനില്ല.

നല്ല സ്ഥലം കാണണം. ആശുപത്രിയുടെ തൊട്ടടുത്താവണം. കണ്ടുപിടിച്ചു... ഒരു സഭാഹോൾ! അതും സ്വർണ്ണം പിശാചിന്റെ മലമാണെന്ന് പഠിപ്പിക്കുകയോ അല്ലെങ്കിൽ അതുപോലെ ചിന്തിക്കുകയോ ചെയ്യുന്ന ഒരു കൂട്ടരുടെ സഭാഹോൾ!

സ്വർണ്ണമുതലാളിയുടെ മുഖം വാടി. മനസ്സിൽ പടുത്തുയർത്തിയ കനകമാളിക മറിഞ്ഞുവീണതിന്റെ സങ്കടം അയാളുടെ മുഖത്ത് സങ്കടം നിറഞ്ഞു. കണ്ണുകളുടെ തിളക്കം നഷ്ടപ്പെട്ടു.

ഒരുമിച്ചിരുന്ന് മദ്യസേവ നടത്തുമ്പോൾ സ്വർണ്ണമുതലാളി തന്റെ ആത്മമിത്രത്തോട് ഇക്കാര്യത്തെപ്പറ്റി പറഞ്ഞു.

ആത്മമിത്രം ആശ്വസിപ്പിച്ചു: "എടാ ജോസേ, ഇതൊക്കെ ഇത്ര വല്യ കാര്യാണോ? പണമെറിഞ്ഞാൽ വീഴാത്തവർ ഈ ദുനിയാവിലുണ്ടോ? ഉണ്ടോന്ന്?"

ആ പ്രസ്താവനയോട് പൂർണ്ണമായി യോജിപ്പില്ലാത്തതിനാൽ സ്വർണ്ണമുതലാളി നിഷേധരൂപത്തിൽ തലയാട്ടി. എന്നിട്ട് പറഞ്ഞു: "ന്റെ ഇക്കാ, ഇങ്ങള് എന്തറിഞ്ഞിട്ടാണ് ഈ പറയുന്നത്? അത് പ്രാർത്ഥനക്കാരാണ്. ബൈബിള് അരച്ചുകലക്കി കുടിച്ചിരിക്കുന്നവർ... അവരെ പണംകൊണ്ട് വീഴ്ത്താൻ കഴിയില്ല."

ആത്മമിത്രം: "ന്റെ ജോസേ, പണമെറിഞ്ഞാൽ പ്രാർത്ഥനയ്ക്കാരും വീഴും... മൂക്കും കുത്തി വീഴും... സംശയമുണ്ടെങ്കി നീയൊന്ന് പരീക്ഷിച്ചുനോക്ക്..."

ഇത് കേട്ടപ്പോൾ സ്വർണ്ണമുതലാളിയുടെ മുഖത്ത് വീണ്ടും 916 ഗോൾഡിന്റെ മഞ്ഞനിറം വ്യാപിക്കാൻ തുടങ്ങി.

ആ പ്രാർത്ഥനാഹാളിലെ മൂപ്പന്മാരുമായി ചർച്ച...

മൂപ്പന്മാരുടെ മുഖത്ത് ഭക്തി മുഴച്ചുനിന്നു.

"നൂറു കൊല്ലമായി ഇവിടെയുള്ള പ്രാർത്ഥനാഹാളാണ്. സമീപപ്രദേശത്തുള്ള നിരവധി സഭകളുടെ മാതൃസഭയാണ്. ഞങ്ങൾക്ക് ഈ സ്ഥലം വിൽക്കാൻ താത്പര്യമില്ല. മൂപ്പന്മാർ വ്യക്തമാക്കി."

സ്വർണ്ണമുതലാളി പിന്മാറാൻ തയ്യാറായില്ല.

''നിങ്ങള് ചോദിക്കുന്ന വില ഞാൻ തരും. അത് എത്രയാണെങ്കിലും എനിക്ക് പ്രശ്നമില്ല."

മൂപ്പന്മാർ അങ്ങോട്ടുമിങ്ങോട്ടും നോക്കി. ആ നോട്ടത്തിൽനിന്ന് ഒരു കാര്യം സ്വർണ്ണമുതലാളിക്ക് മനസ്സിലായി – ആഞ്ഞുപിടിച്ചാൽ ഇവറ്റകൾ വീഴും.

പക്ഷേ അദ്ദേഹത്തെ ഞെട്ടിച്ചുകൊണ്ട് മൂപ്പന്മാരിലൊരാൾ പറഞ്ഞു: "എത്ര പണം തന്നാലും ഈ സ്ഥലം ഞങ്ങൾ തരില്ല. ഇത് പിതാക്കന്മാർ സമ്പാദിച്ച സ്ഥലമാണ്. ഇത് വിൽക്കാൻ വേണ്ടി വാങ്ങിയതല്ല, ജീവനുള്ള ദൈവത്തെ ആരാധിക്കാൻ വേണ്ടി വാങ്ങിയതാണ്."

സ്വർണ്ണമുതലാളി നിരാശനാവാതെ പറഞ്ഞു: "നിങ്ങടെ ആരാധനയ്ക്ക് കൊഴപ്പം വരില്ല. കൊഴപ്പം വരാതിരിക്കാനുള്ള പാക്കേജ് എന്റെ കയ്യിലുണ്ട്."

''പാക്കേജോ?'' മൂപ്പന്മാരുടെ മുഖത്ത് ആകാംക്ഷ.

പക്ഷേ ഒരു മൂപ്പൻ തുറന്നടിച്ച് പറഞ്ഞു: "ഒരു പാക്കേജും വേണ്ട. ഞങ്ങള് ഈ സ്ഥലം വിക്കാൻ ഉദ്ദേശിക്കുന്നില്ല."

സ്വർണ്ണമുതലാളി പിന്നെയും പിന്മാറിയില്ല.

"ഞാൻ പറയുന്നത് ഒന്ന് കേൾക്കുകയെങ്കിലും ചെയ്യൂ... പ്ലീസ്.."

മൂപ്പന്മാർ മിണ്ടാതിരുന്നു.

സ്വർണ്ണമുതലാളി തുടർന്നു: ''അല്പമങ്ങോട്ട് മാറി നിങ്ങൾക്ക് വേറെ സ്ഥലം ഞാൻ തരാം. അവിടെ ഹാൾ പണിയാൻ കാശും തരാം. പോരേ?"

മൂപ്പന്മാർ മിണ്ടിയില്ല. താത്പര്യമില്ലാത്തപോലെ അവരിരുന്നു.

ഒടുവിൽ ആത്മികരായ ആ മൂപ്പന്മാരെ വീഴ്ത്താൻ സ്വർണ്ണമുതലാളിയുടെ പൂഴിക്കടകൻ... അദ്ദേഹം ശബ്ദം അല്പം താഴ്ത്തി പറഞ്ഞു: "നിങ്ങൾക്ക് സ്വന്തമായി ഞാൻ രണ്ട് കോടി രൂപ തരാം."

സ്വർണ്ണമുതലാളി മൂപ്പന്മാരെ സൂക്ഷിച്ചുനോക്കി.

രണ്ട് കോടി എന്നു കേട്ടതും ഒരു മൂപ്പൻ മറിഞ്ഞുവീഴാതിരിക്കാനായി കസേരയിൽ മുറുകെപ്പിടിച്ചു.

മറ്റൊരു മൂപ്പൻ നെഞ്ചിന്റെ ഇടതുവശത്ത് ചെറുതായി തടവി. അദ്ദേഹം നന്നായി വിയർത്തിട്ടുണ്ടായിരുന്നു.

സ്വർണ്ണമുതലാളിയുടെ ചുണ്ടിൽ പുഞ്ചിരി വിടർന്നു. ആത്മമിത്രത്തിന്റെ വാക്കുകൾ അവിടെ അലയടിക്കുന്നതുപോലെ അദ്ദേഹത്തിന് തോന്നി: "പണമെറിഞ്ഞാൽ പ്രാർത്ഥനയ്ക്കാരും വീഴും... മൂക്കും കുത്തി വീഴും..."

❍

# ദൈവദാസന്റെ അനുഗ്രഹസർവ്വീസ്



# ആനുകാലികം -എംവിഎസ്-

## ഒരു ഗ്ലാസ് കൊടുക്കാത്തതുകൊണ്ട്..

കൊല്ലത്ത് കരീപ്രയിലാണ് സംഭവം. വാമദേവൻ എന്ന എഴുപത്തിനാലുവയസ്സുകാരൻ നടത്തുന്ന ബേക്കറിയിലേക്ക് അഞ്ചംഗ സംഘം വരുന്നു. പത്ത് രൂപയ്ക്ക് വെള്ളം വാങ്ങി. അവിടെയിരുന്ന് മദ്യപിക്കാനായി വാമദേവനോട് ഗ്ലാസ് ചോദിച്ചു. അദ്ദേഹം അത് കൊടുക്കാൻ തയ്യാറായില്ല. ഇതിൽ പ്രകോപിതരായ അഞ്ചംഗ സംഘം വാമദേവനെ ചവിട്ടിവീഴ്ത്തുകയും മർദ്ദിക്കുകയും ചെയ്തു. കടയ്ക്കുള്ളിൽനിന്ന് പുറത്തേക്ക് വലിച്ചിഴച്ചും മർദ്ദിച്ചു. ഈ മർദ്ദനം കാണാൻ കാണികളുണ്ടായിരുന്നു. നാട്ടുകാർ നോക്കി നിന്നു.

ആശുപത്രിയിൽ ചികിത്സ തേടിയ വാമദേവൻ പിന്നീട് പൊലീസ്സ്റ്റേഷനിൽ ചെന്ന് പരാതിപ്പെട്ടു. പൊലീസ് ഇടപെട്ടില്ലത്രേ! (പൊലീസ് ഇത് നിഷേധിച്ചു) ഏതായാലും വാമദേവൻ എന്ന 75 വയസ്സുള്ള കടയുടമ സ്വന്തം വീട്ടിൽ തൂങ്ങിമരിച്ചു. അദ്ദേഹം എഴുതിയ ആത്മഹത്യാകുറിപ്പിൽ, പൊലീസിൽ പരാതിപ്പെട്ടിട്ടും നടപടി ഉണ്ടായില്ല എന്നു എഴുതിവച്ചിരുന്നു. (2026 ജൂൺ 27 ലെ പത്രവാർത്ത)

എടാ, കള്ളുകുടിയന്മാരായ അഞ്ചംഗ സംഘമേ, നിനയ്ക്കൊക്കെ മദ്യപിച്ച് കൂത്താടനല്ല ആ വൃദ്ധൻ ബേക്കറി നടത്തിയിരുന്നത്. ഉപജീവനത്തിനുവേണ്ടിയാണ്. അയാളുടെ പക്കലുള്ള ഗ്ലാസ് ഒരാൾക്ക് കൊടുക്കണോ വേണ്ടയോ എന്നു തീരുമാനിക്കുന്നത് അയാളുടെ അവകാശമാണ്. ഈ അഞ്ചു പേരുടെ ആരുടെയെങ്കിലും വീട്ടിൽ ചെന്ന് വേറെയാളുകൾ മദ്യപിക്കുവാൻ ഗ്ലാസ് ചോദിക്കുകയും അത് കൊടുക്കാതിരുന്നാൽ കൊലവിളി നടത്തുകയും ചെയ്താൽ, ഈ ചോരത്തിളപ്പുകാരുടെ പ്രതികരണം എപ്രകാരമായിരിക്കും?

ഈ മാസം 21 ന് വൈകീട്ട് 6 ന് ആയിരുന്നു അഞ്ചംഗ സംഘത്തിന്റെ മർദ്ദനം. മൂന്നു തവണ സ്റ്റേഷനിൽ ചെന്നിട്ടും നാളെ വാ എന്നു പറഞ്ഞ് അവർ മടക്കി അയച്ചുവെന്നും വേദനകൊണ്ട് വിഷമിക്കുകയാണെന്നും മരണമല്ലാതെ മറ്റു മാർഗ്ഗമില്ലെന്നും പറഞ്ഞാണ് ആത്മഹത്യാകുറിപ്പ് അവസാനിപ്പിക്കുന്നത്. ആത്മഹത്യ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതല്ല. ആത്മഹത്യ ചെയ്തവൻ വാഴ്ത്തപ്പെടേണ്ടതുമില്ല.

എങ്കിലും ആ എഴുപത്തിനാലുകാരന് നീതി നിഷേധിക്കപ്പെട്ടുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ആ അഞ്ചംഗ സംഘം ഇപ്പോഴും ഹാപ്പിയായി തുടരുന്നു! ❍

Press Registrar of General of India under No. KERMAL/2012/54719

Price: Rs.5/-

www.reallifevoice.in

ഡോ. എം. വി. സെബാസ്റ്റ്യന്റെ കൃതികൾ

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻഃ ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism: How Was It Taught and Practiced in the First Century?
24. The Search for Truth
25. Youth and Mental Health
26. Suicide and Its Causes: What Does the Bible Say?

ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V